"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ശ്രീ.അക്ഷയ്.ആർ.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.9/2026/F&P തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-
1. സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ. തീയതി 24/05/1999
2. സ.ഉ.(കൈ) നം.14/2021/മ.ഉ.വ തീയതി 12/07/2021
3. ഫിഷറീസ് ഡയറക്ടറുടെ 02.07.2024 -ലെ DFTVM/2136/2021-A1 നമ്പർ കത്ത്.
4. സ.ഉ.(പി) നം. 4/2025/ഉ.ഭ.പ.വ. തീയതി 29/03/2025
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 446/2024 മേലുള്ള 13/01/2026 - ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലിരിക്കെ മരണപ്പെട്ട രാജീവ് എൻ .ആർ-ന്റെ മകൻ ശ്രീ.അക്ഷയ്.ആർ.എസ്- നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ഒരു വർഷ കാലയളവിൽ വകുപ്പിലുണ്ടാകുന്ന ഒഴിവിന്റെ അഞ്ചു ശതമാനമാണ് ആശ്രിത നിയമനത്തിന് വേണ്ടി മാറ്റി വയ്ക്കേണ്ടത് എന്നും അത് പ്രകാരം കുറഞ്ഞത് ഒരു വർഷത്തിൽ 20 ഒഴിവുകൾ വകുപ്പിൽ ഉണ്ടായാൽ മാത്രമാണ് അഞ്ചു ശതമാനം എന്ന കണക്കിന് വിധേയമായി ആശ്രിത നിയമനം നല്കാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ ആശ്രിത നിയമനം വഴി ക്ലാർക്ക് തസ്തികയിൽ നിയമിക്കുവാൻ സാധിക്കുകയില്ല എന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (3) കത്ത് മുഖേന അറിയിക്കുകയുണ്ടായി.

3. ആയതിനാൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 33 പ്രകാരം മറ്റു വകുപ്പുകളിലെ ഒഴിവുകളിൽ കൂടി പരിഗണിക്കുന്നതിനായി പരാമർശം (4) ഉത്തരവിലെ പ്രൊഫോർമ ബി യിൽ പൊതുഭരണ (സർവീസസ് -ഡി) വകുപ്പിന് കൈമാറേണ്ടതുണ്ട്. അതോടൊപ്പം പരാമർശം (5) പ്രകാരം ശ്രീ.അക്ഷയ്.ആർ.എസ് നു സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിൽ ഉചിതമായ തീരുമാനം 2 മാസത്തിനുള്ളിൽ എടുക്കുവാൻ ഉത്തരവായിട്ടുമുണ്ട്.

4. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിനാൽ ശ്രീ.അക്ഷയ്.ആർ.എസ് നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മറ്റു വകുപ്പുകളിലെ ഒഴിവുകളിൽ കൂടി പരിഗണിക്കുന്നതിലേക്കായി ഫിഷറീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയ പരാമർശം (2) -ലെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

5.അതോടൊപ്പം ശ്രീ.അക്ഷയ്.ആർ.എസ് ന്റെ അപേക്ഷ പ്രൊഫോർമ ബി യിൽ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് കൈമാറുന്നു.

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 446/2024 നമ്പർ കേസിൽ 13/01/2026 ന പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്തോടൊപ്പം)
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് (പ്രൊഫോർമ- ബി ഉൾപ്പെടെ)
ശ്രീ.അക്ഷയ്.ആർ.എസ്, രാജീവം, കറുക്കാമൂല, കഞ്ചാംപഴിഞ്ഞി.പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം (e-2402062 എ1/82/2023-മ.തു.വ)

ഉത്തരവിൻ പ്രകാരം
Signed by
Aswathy M L
Date: 10-03-2026 16:44:29
സെക്ഷൻ ഓഫീസർ